# കൊല്ലം ജില്ല കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ

AAS No. 64/2022

## ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റ്
## കേരള കാർഷിക സർവ്വകലാശാല
## കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

കാലാവസ്ഥ പ്രവചനം

തീയതി:12.08.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ആഗസ്റ്റ് 13 | 2022 ആഗസ്റ്റ് 14 | 2022 ആഗസ്റ്റ് 15 | 2022 ആഗസ്റ്റ് 16 | 2022 ആഗസ്റ്റ് 17 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 0.1 | 0.1 | 0.1 | 0.1 | 6 |
| ഉയർന്ന താപനില (ºC) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (ºC) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 8 | 8 | 8 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 320 | 320 | 320 | 320 |
| മേഘ വ്യാപ്തി (ഒക്റ്റാ) | 5 | 5 | 6 | 5 | 7 |

## മഴ മുന്നറിയിപ്പ്

| 2022 ആഗസ്റ്റ് 12 | 2022 ആഗസ്റ്റ് 13 | 2022 ആഗസ്റ്റ് 14 | 2022 ആഗസ്റ്റ് 15 | 2022 ആഗസ്റ്റ് 16 |
|---|---|---|---|---|
| നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയ മഴ | നേരിയ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ നേരിയ മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 33 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ 2022 ആഗസ്റ്റ് 12 മുതൽ 14 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്കും ആഗസ്റ്റ് 15 നും 16 നും നേരിയ തോതിലുള്ള മഴയ്ക്കും സാധ്യത. കൂടിയ താപനില 33 0c വരെയും കുറഞ്ഞ താപനില 21 0c വരെയും ആകാൻ സാധ്യത.

30 - മത് കാലാവസ്ഥ ആഴ്ചയുടെ (23.07.2022 to 29.07.2022) NDVI നീരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് സാമാന്യം ഭേദപ്പെട്ട നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ജൂലൈ 14 മുതൽ 2022 ആഗസ്റ്റ് 10 വരെ ജില്ലയിൽ നേരിയ ആർദ്ര അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വരും ദിവസങ്ങളിൽ നേരിയ തോതിലുള്ള മഴ പ്രവചിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക.

# കാർഷികനിർദ്ദേശങ്ങൾ

## നെല്ല്

- നെല്ല് പൂക്കുന്നത് മുതൽ മൂപ്പെത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ഒരു കീടമാണ് ചാഴി.
- ഇവയെ പ്രതിരോധിക്കുന്നതിനായി വയലിലും വരമ്പത്തും ഉള്ളകളകൾ പൂർണമായും നശിപ്പിക്കുക.
- നെല്ലിൽ ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപെടുകയാണെങ്കിൽ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്തളിക്കാവുന്നതാണ്.
- ആക്രമണം രൂക്ഷമാകുകയാണെങ്കിൽ രാസകീടനാശിനിയായ സൈപ്പർ മെത്രിൻ 10 %EC 0.5 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കാവുന്നതാണ്.
- ചാഴിയ്ക്കെതിരെ കീടനാശിനികൾ തളിക്കുമ്പോൾ രാവിലെ 9 മണിക്കുമുമ്പോ വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്ന് തളി പരാഗണത്തെപ്രതികൂലമായി ബാധിക്കും.



## ചേന

- ചേനയിലെ കടചീയൽ രോഗം വ്യാപകമായി കണ്ടു വരുന്നു.
- രോഗ ബാധയുള്ള സ്ഥലങ്ങളിൽ ഇടയിളക്കലിനു ശേഷം കുമില്ലാശിനിയായ (MACOZEB + CARBENDAZIM) സാഫ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിച്ച് കൊടുക്കാവുന്നതാണ്.





## വെറ്റില

- വെറ്റിലക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൊടി താഴ്ത്തി കെട്ടുന്നതിനുള്ള സമയമാണ് ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങൾ.
- സാധരണ ഗതിയിൽ വെറ്റിലക്കൊടി ഒരു വർഷം കൊണ്ട് 3 മീറ്ററോളം വളർച്ച എത്തിയിരിക്കും. പിന്നീട് കൊടിയുടെ വലുപ്പവും പുഷ്ടിയും കുറയുന്നതായി കാണാം. അത്കൊണ്ട് തന്നെ വെറ്റിലക്കൊടിയ്ക്ക് ഉണർവ്വ് കൊടുക്കുന്നതിനായി വർഷത്തിലൊരിക്കലെങ്കിലും കൊടികളെ താഴ്ത്തി തറനിരപ്പിൽ എത്തിക്കണം.

